**കേരളസർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുതുക്കി നിശ്ചയിച്ചുകൊണ്ടും നിലവിലെ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ 105 /2015/പൊ.വി.വ. തിരുവനന്തപുരം, തീയതി 8-5-2015

---

പരാമർശം: 1. 03.11.1969-ലെ സ.ഉ.പി)412/69/വി.വ. നമ്പർ ഉത്തരവ്.

2. 05.06.1987-ലെ സ.ഉ.(പി)121/87/പൊ.വി.വ. നമ്പർ ഉത്തരവ്.
3. ജനറൽ സെക്രട്ടറി, കേരള ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഹിയറിംഗ് ഇമ്പയേർഡ് സമർപ്പിച്ച നിവേദനം.
4. 23.03.2014-ലെ കേരള സ്റ്റേറ്റ് ടീച്ചേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനം.
5. കേരള ഫെഡറേഷൻ ഓഫ ദ ബ്ലൈൻഡ് പ്രസിഡന്റ് 01.04.2014-ൽ സമർപ്പിച്ച നിവേദനം.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.06.2014-ലെ എം5/39660/2014/ ഡി.പി.ഐ. നം. കത്ത്.
7. 04.07.2014-ലെ സ.ഉ.(പി)124/14/പൊ.വി.വ. നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അന്ധ-ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിലവിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് പരാമർശം (1)-ലെ ഉത്തരവ് പ്രകാരമാണ്. ഇതനുസരിച്ച് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5,2:15,3:25 എന്നിങ്ങനെയാണ് നിജപ്പെടുത്തിയിട്ടുള്ളത്. പരാമർശം (2)-ലെ ഉത്തരവ് പ്രകാരം സ്പെഷ്യൽ സ്കൂളുകളിലെ മേട്രൻ-വിദ്യാർത്ഥി അനുപാതം നിബന്ധനകൾക്കു വിധേയമായി 1:50 ആയും കുക്ക്-വിദ്യാർത്ഥി അനുപാതം 1:35 ആയും നിജപ്പെടുത്തിയിരിക്കുന്നു. നിലവിൽ സ്പെഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ മേൽ പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്കു

വിധേയമായി നിശ്ചയിക്കുകയാണെങ്കിൽ സർക്കാർ എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന നിരവധി അദ്ധ്യാപക-അനദ്ധ്യാപകർ തസ്തിക നഷ്ടം സംഭവിച്ച് പുറത്ത് പോകേണ്ടി വരുമെന്ന് ചൂണ്ടിക്കാണിച്ച് ഈ മേഖലയിലെ അദ്ധ്യാപകരും അദ്ധ്യാപക സംഘടനാ പ്രതിനിധികളും എയ്ഡഡ് സ്കൂൾ മാനേജർമാരും പരാമർശം (3), (4), (5) പ്രകാരം നിരവധി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ അദ്ധ്യാപക-വിദ്യാർത്ഥി തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ടും സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന മറ്റ് പ്രശ്നങ്ങൾ ഉന്നയിച്ചും കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടനയും അദ്ധ്യാപക സംഘടനാ പ്രതിനിധികളും സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ സംബന്ധിച്ച് 28.05.2014-ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ .നിലവിൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രം അടിസ്ഥാന അനുപാതമായ 1:5- ൽ മാറ്റം വരുത്താതെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5, 2:11, 3:16 എന്നാക്കി കുറച്ചുകൊണ്ട് അനദ്ധ്യാപകരായ മേട്രൻമാരുടെ അനുപാതം 1:50 എന്നത് 1:40 ആയും കുക്കിന്റെ അനുപാതം 1:35 എന്നത് 1:30 ആയും കുറയ്ക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയുണ്ടായി. ഇതിനെത്തുടർന്ന് സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതവും അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതവും പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അന്ധ-ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിലവിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് 03.11.1969-ലെ ജി.ഒ.(പി)412/69/വി.വ. നമ്പർ

ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവിലെ അപ്പൻഡിക്സ് I(iv) പ്രകാരം ഒരു സ്കൂളിന് അംഗീകാരം കിട്ടുന്നതിന് ഒരു ക്ലാസ്സിൽ കുറഞ്ഞത് അഞ്ച് കുട്ടികൾ വേണം. ഒരു ക്ലാസ്സിൽ അനുവദിക്കാവുന്ന പരമാവധി കുട്ടികളുടെ എണ്ണം 10 ആണ്. പ്രസ്തുത ഉത്തരവിലെ അപ്പൻഡിക്സ് II (2) പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5, 2:15, 3:25 എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പരാമർശം (2)ലെ ഉത്തരവ് പ്രകാരം സ്പെഷ്യൽ സ്കൂളുകളിലെ മേട്രൺ-വിദ്യാർത്ഥി അനുപാതം 1:50 ആയും കുക്ക്-വിദ്യാർത്ഥി അനുപാതം 1:35 ആയും നിജപ്പെടുത്തിയിട്ടുണ്ട്. 30.07.1996-ലെ സ.ഉ.(എം.എസ്)230/96/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാലയങ്ങളിൽ ഒരു കുട്ടിയെങ്കിലും ഉണ്ടെങ്കിൽ ഒരു ഡിവിഷൻ നിലനിർത്താൻ അനുവദിക്കുന്നുണ്ട്. പ്രസ്തുത ആനുകൂല്യം സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കും കൂടി ബാധകമാക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്.

4) പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രകാരം നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 03.11.1969-ലെ ജി.ഒ.(പി) 412/69/വി. നമ്പർ ഉത്തരവിലെ Appendix I (iv), Appendix II (2) എന്നിവയിൽ നിലവിൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5, 2:15, 3:25, എന്ന അനുപാതത്തിൽ നിന്നും യഥാക്രമം 1:5, 2:11, 3:16 എന്നാക്കി കുറവ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. മേൽ ഭേദഗതി നിലവിലുള്ള അംഗീകാരം ലഭിച്ചിട്ടുള്ള അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമാണ്. പുതിയതായി നിയമനം ലഭിക്കുന്നവർക്ക് 1:5, 2:15, 3:25 എന്ന മുൻ അനുപാതം കണക്കിലെടുത്ത് മാത്രമേ അംഗീകാരം നൽകുന്നതിന് പരിഗണിക്കുകയുള്ളൂ.

2) 05.06.1987-ലെ ജി.ഒ.(എം.എസ്) 121/87/പൊ.വി.വ. നമ്പർ ഉത്തരവിലെ ഖണ്ഡിക XIV (i), (ii) എന്നിവ ഭേദഗതി ചെയ്തുകൊണ്ടും മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ സ്പെഷ്യൽ സ്കൂളുകളിലെ മേട്രൺ-വിദ്യാർത്ഥി അനുപാതം 1:40 ആയും കുക്ക്-വിദ്യാർത്ഥി അനുപാതം 1:30 ആയും നിശ്ചയിച്ച് ഉത്തരവാകുന്നു.

3) 30..07.1996-ലെ സ.ഉ.(എം.എസ്) 230/96/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാലയങ്ങളിൽ ഒരു കുട്ടിയെങ്കിലും ഉണ്ടെങ്കിൽ ആ ഡിവിഷൻ നിലനിർത്തുന്നതിന് നൽകിയ അനുമതി സ്പെഷ്യൽ സ്കൂളുകൾക്കും ബാധകമാക്കികൊണ്ടും, മിനിമം ഒരു കുട്ടി എങ്കിലും ഉണ്ടെങ്കിൽ ആ ഡിവിഷൻ നിലനിർത്തുവാനുള്ള അംഗീകാരം നൽകികൊണ്ടും ഇപ്രകാരം 03.11.1969-ലെ ജി.ഒ.(പി) 412/69/വി.വ Appendix I ഖണ്ഡിക IV -ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

5) പരാമർശം (1), (2) എന്നിവയിലെ സർക്കാർ ഉത്തരവുകൾ മുൻഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
വി.എസ്.സെന്തിൽ
ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്)കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ.ടി @ സ്കൂൾ, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ് (സർക്കാർ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്
പൊതുഭരണ(എസ്.സി)വകുപ്പ് (06.05.2015 ലെ ഇനം നം. പ്രകാരം)
ധനകാര്യവകുപ്പ് (26.02.2014 ലെ 94646/എഡ്യൂ.എ1/14/ധന. പ്രകാരം.)
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് (27.10.2014-ലെ 57338/ജെ3/14/പൊ.വി.വ. പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ